©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 27th July 2011<br>2011 ജൂലൈ 27<br>5th Sravana 1933<br>1933 ശ്രാവണം 5 | No. നമ്പർ 1451 |

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 95/2011/LBR. *Dated, Thiruvananthapuram, 22nd July, 2011.*

**S. R. O. No. 464/2011.**—In exercise of the powers conferred by clause (a) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act XI of 1948) read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 6485/E1/2007/LBR dated 11th February, 2011 in the Kerala Gazette Extraordinary No. 375 dated 18th February, 2011 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby fix the minimum rates of wages payable to the employees employed in Timber cutting, felling and transporting of logs in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

33/2844/2011/DTP.

SCHEDULE

## I. Daily Wages Rate

| *Work/Category* | *Basic Wages* |
|---|---|
| (a) Timber Cutter | ₹ 305 |
| (b) 1. Sawing<br>2. Stacking | ₹ 290 |
| (c) Helper | ₹ 280 |

## II. Piece rate Wages

### *A. Loading Charge*

| *Category* | *Wages for a tone* |
|---|---|
| 1. All trees including rubber | ₹ 210 |
| 2. Fire wood | ₹ 120 |

### *B. Unloading (from Vehicles)*

| *Vehicle Load* | *Wages per Load* |
|---|---|
| 1. Less than 5 tones | ₹ 150 |
| 2. From 5 to 16 tones | ₹ 150 and ₹ 25 for every tone above 5 tones |
| 2. Above 16 tones | ₹ 425 and ₹ 30 for every tone above 16 tones |

## III. Dearness Allowance

In addition to the basic wages all employees (daily rated) shall be paid Dearness Allowance calculated on the basis of the Consumer Price Index in respect of concerned District Headquarters center published by the Department of Economics and Statistics for the increase in every point above 130 points in new series ie. 1998-99 = 100 at the rate of 90 paise.

For Idukki and Wayanad District Headquarters, Dearness Allowance shall be paid on the basis of the Consumer Price Index Number published for Munnar and Meppadi centres respectively.

## IV. General Conditions

(1) The minimum wages for loading fixed as per Schedule above is for carrying and loading materials for a distance not exceeding 20 metres. For distance exceeding 20 metres, the workers shall be paid additional wages as per the rate prevailing at that locality/area.

(2) In the case of employees who are getting wages by some other practice prevailing in a particular locality, they shall continue to enjoy the same if it is more beneficial than the minimum wages fixed as per this notification as above.

(3) Wherever the workers are actually in receipt of higher wages than the minimum wages fixed above, they shall continue to be eligible for such higher rates.

(4) The monthly rate in respect of those for whom daily rate is fixed may be calculated by multiplying the daily rate including Dearness Allowance by 26.

By order of the Governor,

ANIL, X.,

*Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

After considering the objections and suggestions received on the preliminary notification issued as No. 6485/E1/2007/LBR dated 11th February, 2011 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board, Government have decided to fix the minimum rates of wages payable to the employees employed in Timber cutting, felling and transporting of logs in the State of Kerala.

This notification is intended to achieve the above object.

# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 95/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ജൂലൈ 22.*

**എസ്. ആർ. ഒ. നമ്പർ 464/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്ട്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2011 ഫെബ്രുവരി 18-ാം തീയതിയിലെ 375-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011 ഫെബ്രുവരി 11-ാം തീയതിയിലെ 6485/ഇ1/2007/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്ടിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ "മരം മുറിച്ചു മാറ്റലും, തടിയറുക്കലും കയറ്റികൊണ്ടു പോകലും" ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

### പട്ടിക

**I. ദിവസ വേതന നിരക്ക്**

| *ജോലി/വിഭാഗം* | *അടിസ്ഥാന വേതനം* |
|---|---|
| (എ) മരം വെട്ടുകാർ | ₹ 305 |
| (ബി) 1. തടിയറുപ്പുകാർ<br>2. തടി അട്ടിവയ്ക്കുന്നവർ | ₹ 290 |
| (സി) ഹെൽപ്പർ | ₹ 280 |

**II. പീസ് റേറ്റ് വേതനം**

എ. കയറ്റുകൂലി

| *വിഭാഗം* | *ടൺ ഒന്നിന് നൽകേണ്ട വേതനം* |
|---|---|
| 1. റബ്ബർ മരങ്ങൾ ഉൾപ്പെടെ എല്ലാ ഇനം മരങ്ങളും | ₹ 210 |
| 2. വിറക് | ₹ 120 |

ബി. ഇറക്കുകൂലി (വാഹനങ്ങളിൽ നിന്ന്)

| *വാഹന ലോഡ്* | *ലോഡ് ഒന്നിന് നൽകേണ്ട വേതനം* |
|---|---|
| 1. 5 ടണ്ണിൽ കുറഞ്ഞ ലോഡ് | ₹ 150 |
| 2. 5 ടൺ മുതൽ 16 ടൺ വരെയുള്ള ലോഡ് | ₹ 150-ഉം 5 ടണ്ണിനുമുകളിൽ വരുന്ന ഓരോ ടണ്ണിനും അതിന്റെ ഭാഗത്തിനും ₹ 25 വീതവും |
| 3. 16 ടണ്ണിനു മുകളിൽ | ₹ 425-ഉം 16 ടണ്ണിനുമുകളിൽ വരുന്ന ഓരോ ടണ്ണിനും അതിന്റെ ഭാഗത്തിനും ₹ 30 വീതവും |

## III. ക്ഷാമബത്ത

അടിസ്ഥാന വേതനത്തിനു പുറമേ, എല്ലാ തൊഴിലാളികൾക്കും എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതത് ജില്ലാ ആസ്ഥാന കേന്ദ്രത്തിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന പുതിയ ഉപഭോക്തൃവില സൂചികയുടെ 130 പോയിന്റിന് മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും 90 പൈസ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

ഇടുക്കി, വയനാട് ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

## IV. പൊതു നിബന്ധനകൾ

1. പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള കയറ്റുകൂലി 20 മീറ്ററിൽ കവിയാത്ത ദൂരത്ത് നിന്ന് ചുമന്ന് കയറ്റുന്നതിനാണ്. 20 മീറ്ററിൽ കവിഞ്ഞുള്ള ദൂരത്തിന് അതത് സ്ഥലത്ത്/പ്രദേശത്ത് നിലവിലുള്ള പ്രകാരമുള്ള അധിക വേതനം നൽകേണ്ടതാണ്.

2. നിലവിലുള്ള മറ്റ് ഏതെങ്കിലും സമ്പ്രദായത്തിൽ വേതനം ലഭിച്ചുകൊണ്ടിരിക്കുന്ന പ്രദേശത്തെ ജീവനക്കാരുടെ കാര്യത്തിൽ അത് ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ച മിനിമം വേതനത്തെക്കാൾ ഗുണകരമാണെങ്കിൽ അവർക്ക് അത് തുടർന്നും അനുഭവിക്കാവുന്നതാണ്.

3. മുകളിൽ നിശ്ചയിച്ച മിനിമം വേതനത്തെക്കാൾ ഉയർന്ന വേതനം സാധാരണ തോതിൽ തൊഴിലാളികൾക്ക് ലഭിച്ചു വരുന്ന ഇടങ്ങളിലെല്ലാം അവർക്ക് അത്തരം ഉയർന്ന നിരക്കുകളിൽ തുടരാനുള്ള അർഹതയുണ്ട്.

4. ദിവസ വേതനക്കാരുടെ പ്രതിമാസ വേതനം കണക്കാക്കുന്നതിന് ക്ഷാമബത്ത അടക്കമുള്ള പ്രതിദിന നിരക്കിനെ 26 കൊണ്ട് ഗുണിച്ചായിരിക്കണം.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന "മരം മുറിച്ചു മാറ്റലും തടിയറുക്കലും കയറ്റികൊണ്ടുപോകലും" ജോലിചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2011 ഫെബ്രുവരി 11-ാം തീയതിയിലെ 6485/ഇ1/2007/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ച ശേഷവും പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.